## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36 — 11.06.2013 ൽ മറുപടിയ്ക്ക്

# ഡോ. പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ത്രീ ടയർ ഷോർട്ട് ടേം ക്രെഡിറ്റ് (എ) സ്ട്രക്ചറിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ റിസർവ് ബാങ്ക് നിയോഗിച്ച ഡോ.പ്രകാശ് ബക്ഷി കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രമുഖ (ബി) ശുപാർശകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) ജില്ലാ സഹകരണ ബാങ്കുകളുടെ സേവനദാതാക്കൾ (Business Correspondents) ആയി പ്രവർത്തിക്കണം. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും, വായ്പക്കാരും ജില്ലാ ബാങ്കിലെ വോട്ടവകാശമുള്ള അംഗങ്ങൾ ആകുന്നതാണ്.<br>2. അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം എടുക്കണം. പി.എ.സി.എസ്. കൾ ജില്ലാ സഹകരണ ബാങ്കിനുവേണ്ടി നിക്ഷേപ വായ്പാ ഇടപാടു നടത്തുകയും |

ഇതിലേയ്ക്കായി ഏജൻസി ഫീസ് കൈപ്പറ്റാവുന്നതുമാണ്.

3. 4% CRAR (Capital to Risk weighted Asset Ratio-മൂലധന പര്യാപ്തത) മാനദണ്ഡം കൈവരിക്കാനുള്ള ജില്ലാ സഹകരണ ബാങ്കുകൾക്ക് ആയതിനുള്ള അന്തിമ തീയതി 31.03.2013 ആയി നിശ്ചയിച്ചു. വീഴ്ചയുണ്ടാകുന്ന പക്ഷം ആർ.ബി.ഐ നടപടികൾ സ്വീകരിക്കും.

4. ജില്ലാ ബാങ്കുകൾ 2014-15 ൽ 7% CRAR ഉം 2016-17 ൽ 9% CRAR ഉം കൈവരിക്കേണ്ടതാണ്.

5. പി.എ.സി.എസ്. കളുടെ സർക്കാർ ഓഹരി മൂലധനം ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റണം.

6. മാനദണ്ഡങ്ങൾ കൈവരിക്കാൻ കഴിയാത്ത ജില്ലാ ബാങ്കുകളെ മറ്റ് ജില്ലാ സഹകരണ ബാങ്കുകളുമായി സംയോജിപ്പിക്കണം.

7. സംസ്ഥാന സഹകരണ ബാങ്കുകൾ/ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയെ ഒരു ഭരണ സമിതിയുടെ 5 വർഷ കാലാവധിക്കുള്ളിൽ ടി ബാങ്ക് ഏതെങ്കിലും 3 വർഷം നഷ്ടം ഉണ്ടാക്കുകയാണെങ്കിൽ, ടി ബോർഡിലെ അംഗം അടുത്ത 5 വർഷത്തേയ്ക്ക് ഏതെങ്കിലും സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ഭരണസമിതി തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പാടുള്ളതല്ല.

8. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരുടെ പാനൽ ആർ.ബി.ഐ. യോ ആർ.ബി.ഐ അധികാരപ്പെടുത്തുന്ന ഏജൻസിയോ നിശ്ചയിക്കണം.

(സി) ബി.ആർ. ആക്ടിൽ എന്തെല്ലാം (സി) ഭേദഗതികൾ റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ടിരുന്നു;

ബക്ഷി കമ്മിറ്റി റിപ്പോർട്ടിൽ ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

1. ഒരു സംസ്ഥാനം വിഭജിച്ച് മറ്റൊരു സംസ്ഥാനം രൂപീകരിക്കുകയാണെങ്കിൽ നിലവിലുള്ള സംസ്ഥാന സഹകരണ ബാങ്കിനെ മൾട്ടി സ്റ്റേറ്റ് അപ്പെക്സ് സഹകരണ ബാങ്കായി തുടരാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം.
2. സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും ബാങ്കിംഗ് സ്ഥാപനങ്ങൾ ആയതിനാൽ ഭരണ സമിതി അംഗങ്ങളെ നീക്കാനുള്ള അധികാരം റിസർവ് ബാങ്കിൽ നിക്ഷിപ്തമാക്കണം. റിസർവ് ബാങ്കിന് ഇക്കാര്യത്തിൽ പ്രത്യേക അധികാരം നൽകണം.
3. സംസ്ഥാന സഹകരണ ബാങ്കുകളിലും ജില്ലാ സഹകരണ ബാങ്കുകളിലും പ്രൊഫഷണൽ ഡയറക്ടർമാരെ നിയമിക്കുന്നതിനും അവരുടെ യോഗ്യതയുടെ മാനദണ്ഡം റിസർവ്വ് ബാങ്കിന് നിശ്ചയിക്കാനുള്ള പ്രത്യേക അധികാരം നൽകണം.

(ഡി) കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ എന്തൊക്കെയായിരുന്നു; സംസ്ഥാന സഹകരണ മേഖലയിൽ നിന്നും കമ്മീഷൻ അഭിപ്രായം ആരാഞ്ഞിട്ടുണ്ടായിരുന്നുവോ;

(ഡി) പ്രകാശ് ബക്ഷി കമ്മിറ്റിയുടെ പഠന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക മേഖലയിൽ വായ്പ നൽകാനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും കാർഷിക വായ്പ നൽകുക എന്ന പ്രാഥമിക കർത്തവ്യം നിറവേറ്റിയിട്ടുണ്ടോ എന്ന വിഷയം.
2. ലഘൂകരിച്ച ലൈസൻസിംഗ് നോംസ് പാലിച്ചിട്ടുണ്ടെങ്കിലും ദീർഘകാല അടിസ്ഥാനത്തിൽ നിലനിൽപ് ഇല്ലാത്ത സഹകരണ ബാങ്കുകളെ കണ്ടെത്തുക.
3. സഹകരണ ബാങ്കുകളുടെ സംയോജനം, ടേക്ക് ഓവർ, ലിക്വിഡേഷൻ, ഡീലെയറിംഗ് എന്നിവയ്ക്കുള്ള അനുയോജ്യമായ സംവിധാനം നിർദ്ദേശിക്കുക.

4. സഹകരണ മേഖലയിൽ കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാറുകൾ, റിസർവ് ബാങ്ക്, നബാർഡ് എന്നിവർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെ കുറിച്ച് നിർദ്ദേശം നൽകുക.

5. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളെ സംബന്ധിച്ച് നിർദ്ദേശം നൽകുക.

ബക്ഷി കമ്മിറ്റിയുടെ പഠന വിഷയങ്ങൾ സംബന്ധിച്ച് നബാർഡിന്റെ വെബ്സൈറ്റ് മുഖേന നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നതായി കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | കമ്മീഷൻ ശുപാർശകൾ അംഗീകരിക്കുന്നതിന് മുമ്പ് ഇന്ത്യയിൽ ക്രെഡിറ്റ് മേഖലയിൽ ഏറ്റവും ശക്തമായ സഹകരണ പ്രസ്ഥാനമുള്ള കേരളത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടായിരുന്നുവോ; | (ഇ) | ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ തീരുമാനം കൈക്കൊണ്ടതായി അറിവില്ല. |
| (എഫ്) | സംസ്ഥാന സർക്കാർ, അന്വേഷണ വിഷയങ്ങളുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ കമ്മീഷനെ അറിയിക്കുകയുണ്ടായോ? | (എഫ്) | ഇല്ല. |

സെക്ഷൻ ഓഫീസർ